(എ) മൈത്രി നിക്ഷേപ പദ്ധതിപ്രകാരം പഞ്ചായത്തുകളിൽ നിന്നും സ്പോൺസർമാരിൽ നിന്നും ഇതുവരെ എത്ര രൂപ നിക്ഷേപമായി കിട്ടിയിട്ടുണ്ട് ;

(ബി) സർക്കാർ വിജ്ഞാപനത്തിൽ പറയുന്നതിൽ പ്രകാരം ഈ നിക്ഷേപങ്ങൾ പുനർനിക്ഷേപം നടത്തിയിട്ടുണ്ടോ ;

(സി) പുനർനിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനത്തിന്റെ ലേപലും തുകയും നിക്ഷേപ തീയതിയും വ്യക്തമാക്കാമോ ;

(ഡി) പുനർനിക്ഷേപം നടത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) പ്രസ്തുത തുക മറ്റ് പദ്ധതികളിൽ ആദായകരമായി നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളിൽ എത്ര രൂപ വീതം നിക്ഷേപിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൈത്രി നിക്ഷേപ പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നിന്നും സ്പോൺസർമാരിൽ നിന്നുമായി മൊത്തം 117.27 കോടി രൂപ നിക്ഷേപമായി കിട്ടിയിട്ടുണ്ട്.

(ബി-ഇ) പുനർനിക്ഷേപം നടത്തിയിട്ടില്ല. പ്രസ്തുത തുക ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുകയാണ് ചെയ്യുന്നത്.

സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടിയുള്ള ഗൃഹനിർമ്മാണം

154 (2136) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി സ്വന്തമായി വീടില്ലാത്തവർക്ക് വീട് ഉണ്ടാക്കിക്കൊടുക്കുന്ന എന്തെല്ലാം സ്കീമുകൾ ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കീമുകൾക്കനുസരിച്ച് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ടെന്നും എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) വടക്കേ അമേരിക്കയിലെ മലയാളി സംഘടനകളുടെ ഫെഡറേഷനായ ഫൊക്കാനാ ഭവനനിർമ്മാണത്തിന് വേണ്ടി എത്ര രൂപ നല്കിയിട്ടുണ്ടെന്നും ഈ തുക ഉപയോഗിച്ച് എത്ര വീടുകളുടെ പണി പൂർത്തീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൈത്രി പദ്ധതിയിൽ സന്നദ്ധസംഘടനകളുമായി യോജിച്ചുള്ള താഴെ പറയുന്ന സ്കീമുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. 1000 രൂപ നിക്ഷേപിക്കുന്ന പദ്ധതി.
2. ഗുണഭോക്താവിനെ തിരിച്ചടവിൽ നിന്ന് ഒഴിവാക്കുന്നതിനു വേണ്ടി 12500 രൂപ നിക്ഷേപിക്കുന്ന പദ്ധതി.
3. സർക്കാർ നല്കുന്ന സബ്സിഡി തുകയിലെ 7000 രൂപ വിദേശ മലയാളികളിൽ നിന്നും സ്വീകരിക്കുന്ന പദ്ധതി.

(ബി) 31-12-1999 വരെ സന്നദ്ധ സംഘടനകളിൽ നിന്നും ഡെപ്പോസിറ്റായി 9.10 കോടി രൂപ ലഭിച്ചു. 7200 വീടുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഫൊക്കാനാ സംഘടന 32 വീടുകൾക്കായി 8000 യു.എസ്. ഡോളർ നല്കിയിട്ടുണ്ട്. ഇപ്രകാരം 32 വീടുകൾക്ക് സഹായധനം നല്കിയിട്ടുണ്ട്.

ഹൗസിംഗ് ബോർഡിന്റെ ഉപഗ്രഹ നഗര പദ്ധതി

155 (2137) ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് ആക്കുളത്ത് ഉപഗ്രഹ നഗര പദ്ധതി നടപ്പിലാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ സ്ഥലം എന്ന് ഏറ്റെടുത്തു എന്നും സ്ഥലം ഏറ്റെടുക്കൽ നടപടി എന്നാണ് പൂർത്തിയായതെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതിയുടെ പണി എന്നാരംഭിച്ച് എന്നേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(എഫ്) ഈ പദ്ധതിക്കു വേണ്ടി രൂപീകരിച്ച പ്രോജക്ട് ഡിവിഷൻ നിർത്തൽ ചെയ്യുന്നതിന് ഉത്തരവ് നല്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഹൗസിംഗ് ബോർഡ് ആക്കുളത്ത് ഒരു ഉപഗ്രഹ നഗരപദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്ലാനുകളും ലേഔട്ടും തയ്യാറാക്കി വരികയാണ്. പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് 7-7-1998-ലെ ജി.ഒ.(എം.എസ്.)നം.47/95/ഹൗസിംഗ് പ്രകാരം അംഗീകരിച്ചിരുന്നു.

(ഡി) ചെറുവയ്ക്കൽ, ആറ്റിപ്ര വില്ലേജുകളിൽപ്പെട്ട 40,80,540 ഏക്കർ സ്ഥലം 11-9-95-ന് ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly